പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 38

04/02/2020 ൽ മറുപടിക്ക്

## ശബരിമല തീർത്ഥാടനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.കെ.യു. ജനീഷ് കുമാർ<br>ശ്രീ.ആർ. രാജേഷ് | കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ വർഷത്തെ ശബരിമല തീർത്ഥാടനം പരാതിക്ക് ഇടനൽകാതെ സുഗമവും സുരക്ഷിതവുമായി പൂർത്തിയാക്കുന്നതിന് സർക്കാരും ദേവസ്വം ബോർഡും നടത്തിയ മുന്നൊരുക്കങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | ശബരിമല തീർത്ഥാടകർക്ക് മതിയായ സൗകര്യങ്ങൾ ഒരുക്കുന്നതിനായി മണ്ഡല മകരവിളക്ക് സീസൺ ആരംഭിക്കുന്നതിന് മാസങ്ങൾക്ക് മുമ്പ് തന്നെ സർക്കാർ മുന്നൊരുക്കങ്ങൾ ആരംഭിച്ചിരുന്നു. മുഖ്യ മന്ത്രി തലത്തിൽ 3 ഉന്നതതലയോഗങ്ങൾ ചേരുകയുണ്ടായി. വകുപ്പ് മന്ത്രി തലത്തിൽ തിരുവനന്തപുരത്തും പമ്പയിലും സന്നിധാനത്തിലും വിവിധ വകുപ്പുകളുടെ ഉന്നതതലം മുതൽ താഴെക്കിടയിലുള്ള ഉദ്യോഗസ്ഥരുടെയും സന്നദ്ധ സംഘടനകളുടേയും 3 യോഗങ്ങൾ ചേർന്നു. കൂടാതെ തീർത്ഥാടരുടെ പ്രധാന ഇടത്താവള കേന്ദ്രങ്ങളായ ഏറ്റുമാനൂർ, എരുമേലി, പന്തളം, ചെങ്ങന്നൂർ എന്നിവിടങ്ങളിൽ 02.11.2019-ന് വകുപ്പ് മന്ത്രി ബന്ധപ്പെട്ടവരുടെ യോഗം ചേരുകയുണ്ടായി. തുടർന്ന് മണ്ഡലകാലം കഴിഞ്ഞയുടൻ 01.01.2020 ന് മകരവിളക്കിനോടനുബന്ധിച്ച സ്വീകരിക്കേണ്ട ക്രമീകരണങ്ങൾ സംബന്ധിച്ച് വകുപ്പ് മന്ത്രി ബന്ധപ്പെട്ടവരുടെ യോഗം വീണ്ടും ചേരുകയുണ്ടായി ഇപ്രകാരം വിവിധ യോഗങ്ങൾ ചേർന്ന് ആവശ്യമായ നിർദ്ദേശങ്ങൾ അതാതുസമയങ്ങളിൽ നൽകിയിട്ടുണ്ട്. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പത്തനംതിട്ട ജില്ലാ കളക്ടറെയും സ്പെഷ്യൽ ഓഫീസറെയും ചുമതലപ്പെടുത്തിയിരുന്നു. |

| | | | |
|---|---|---|---|
| | | | കേരള വാട്ടർ അതോറിറ്റിയും തിരുവിതാംകൂർ ദേവസ്വം ബോർഡും തീർത്ഥാടന കാലത്ത് കുടി വെള്ള വിതരണത്തിനായി പമ്പ, നിലയ്ക്കൽ, സന്നിധാനം ഭക്തർ തമ്പടിച്ചിരുന്ന മറ്റെല്ലാ സ്ഥലങ്ങളിലും ആവശ്യമായ സംഭരണ ശേഷിയുള്ള ടാങ്കുകളും ടാപ്പുകളും ക്രമീകരിച്ച് 24 മണിക്കൂറും വെള്ളം ലഭ്യമാക്കിയിരുന്നു. ഇതു കൂടാതെ ഔഷധ ജല വിതരണം നടത്തിയിരുന്നു. കുടിവെള്ളത്തിന്റെ ശുദ്ധത എപ്പോഴും പരിശോധിച്ചിരുന്നു.<br><br>ശബരിമലയിൽ മാലിന്യ നിർമ്മാർജനത്തിനായി 5 MLD ട്രീറ്റ്മെന്റ് പ്ലാന്റ് ആണ് ഉപയോഗിച്ചത് പമ്പയിലും സ്വീവേജ് ട്രീറ്റമെന്റ് പ്ലാന്റ് പ്രവർത്തിപ്പിച്ചു. കൂടാതെ നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവടങ്ങളിൽ മാലിന്യം നിർമ്മാർജനം ചെയ്യാൻ വിശുദ്ധി സേനാംഗങ്ങളെ നിയോഗിച്ചു. നിലയ്ക്കലിൽ പോലീസ് വകുപ്പിന്റെ നിർദ്ദേശാനുസരണം തിരക്ക് നിയന്ത്രിക്കാൻ സംവിധാനങ്ങൾ ഒരുക്കി. ശബരിമലയിൽ ശബരി പീഠം മുതലുള്ള പെർമനന്റ് ബാരിക്കേഡ്, പാണ്ടിതാവളത്ത് താല്ക്കാലിക ബാരിക്കേഡ് മറ്റെല്ലാ സ്ഥലങ്ങളിലും ബാരിക്കേഡുകൾ എന്നിവ നിർമ്മിച്ച് തീർത്ഥാടകരുടെ തിരക്ക് നിയന്ത്രിക്കാൻ കഴിഞ്ഞു.<br>നിലയ്ക്കൽ, പമ്പ, ചന്ദ്രാനന്ദൻ റോഡ് എന്നിവിടങ്ങളിലായി 1000 ൽ അധികം ശുചിമുറികളും 100 കുളിമുറികളും പ്രവർത്തന സജ്ജമാക്കി. പമ്പയിൽ പ്രളയത്തിൽ തകർന്ന ശുചി മുറികളും ടോയ് ലെറ്റ് ബ്ലോക്കുകളും പുതുക്കിപ്പണിതു. നിലയ്ക്കലിൽ വാഹന പാർക്കിംഗിന് കൂടുതൽ പാർക്കിംഗ് ഗ്രൗണ്ടും കൂടുതൽ താമസ സൗര്യവും ഏർപ്പെടുത്തി.<br>ശബരിമലയിൽ ദർശനത്തിനെത്തിയ അയ്യപ്പ ഭക്തർക്കും സേവന ദാതാക്കളായ പോലീസ് ഉൾപ്പെടെയുള്ള സർക്കാർ ഉദ്യോഗസ്ഥർക്കും KSRTC ജീവനക്കാർക്കും, |

| | | | |
|---|---|---|---|
| | | | മാധ്യമ പ്രവർത്തകർക്കും സന്നദ്ധ സേവകർക്കും കുറ്റമറ്റ രീതിയിൽ താമസ സൗകര്യങ്ങൾ ഒരുക്കി. ശബരിമലയിലും പമ്പയിലും നിലയ്ക്കലിലും എമർജൻസി മെഡിക്കൽ സെന്ററുകൾ കാര്യക്ഷമമായ രീതിയിൽ പ്രവർത്തിച്ചു. എല്ലാ തീർത്ഥാടകർക്കും ആവശ്യമായ അപ്പം അരവണ എന്നിവ ലഭ്യമാക്കാൻ തിരുവിതാംകൂർ ദേവസ്വം ബോർഡിന് സാധിച്ചു. പോലീസ് വകുപ്പിന്റെ വെർച്വൽ ക്യൂ സംവിധാനം ദർശനം മുൻകൂട്ടി ബുക്ക് ചെയ്യുന്നതിന് സഹായംനല്കി. തീർത്ഥാടനവുമായി ബന്ധപ്പെട്ട് വിവിധ സർക്കാർ വകുപ്പുകളുടെയും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും സന്നദ്ധ സേവകരുടേയും പൂർണ്ണമായ സേവനവും സഹകരണവും ആദ്യാവസാനം ലഭ്യമാക്കി തീർത്ഥാടനം വലിയ വിജയമാക്കി തീർക്കാൻ സാധിച്ചു. |
| (ബി) | ശബരിമല മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടില്ലെന്ന് കേന്ദ്രമന്ത്രി പാർലമെന്റിനെ അറിയിച്ചതായി വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ; ശബരിമല മാസ്റ്റർപ്ലാനിലുള്ള ഏതെങ്കിലും പദ്ധതിക്ക് കേന്ദ്രസർക്കാർ സഹായം നൽകുന്നുണ്ടോ; മാസ്റ്റർപ്ലാൻ സംബന്ധിച്ച കാര്യങ്ങൾ വിശദമാക്കാമോ; | (ബി) | ശബരിമല മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടില്ലെന്ന് കേന്ദ്ര മന്ത്രി പാർലമെന്റിനെ അറിയിച്ചതായി പത്ര വാർത്ത വന്നിരുന്നു. ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിക്കായി കേന്ദ്ര സഹായം ലഭിക്കുന്നില്ല. എന്നാൽ മാസ്റ്റർ പ്ലാൻ നിർവ്വഹണ ചുമതലയുള്ള ഹൈപവർ കമ്മിറ്റിയുടെ അംഗീകാരത്തോടെ നടപ്പാക്കുന്ന കേന്ദ്ര ടൂറിസം വകുപ്പിന്റെ സ്വദേശി ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച 100 കോടി രൂപയിൽ 21 കോടി രൂപ ആദ്യഗഡുവായി ലഭിച്ചിട്ടുണ്ട്. മാസ്റ്റർ പ്ലാനിന് വിധേയമായി പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് ശബരിമല ഉന്നതാധികാര സമിതി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ ശബരിമല തീർത്ഥാടനകേന്ദ്രത്തിന്റെ വികസനത്തിനായി ചെയ്ത കാര്യങ്ങളിൽ പ്രധാനമായവ അറിയിക്കാമോ; | (സി) | ശബരിമലയുടെ വികസനത്തിനായി ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതികളുടെ നിർവ്വഹണത്തിനായി ഈ സർക്കാർ 2016-2017-ൽ 10 കോടി രൂപയും, 2017-2018-ൽ 15 കോടി രൂപയും, 2018-2019-ൽ 22.44 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഈ വർഷം 28 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. 2018-ലെ പ്രളയത്തിൽ തകർന്ന റോഡുകളും മറ്റും പുതുക്കിപ്പണിത് റീ ടാറിംഗ് ചെയ്തിട്ടുണ്ട്. നിലയ്ക്കൽ ബേസ് ക്യാമ്പിൽ 20,000/- ച. മീറ്റർ സ്ഥലത്ത് അധിക താല്ക്കാലിക പാർക്കിംഗ് ഗ്രൗണ്ട് നിർമ്മിച്ചിട്ടുണ്ട്. പോലീസിലെയും കെ.എസ്.ആർ.ടി സിയിലെയും 600 ജീവനക്കാർക്ക് താമസിക്കുന്നതിന് അധിക താല്ക്കാലിക സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കൂടാതെ സ.ഉ(എം.എസ്) നമ്പർ.24/2019/റവ തീയതി 18/01/2019 പ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 150 കോടി രൂപയുടെ ഇടത്താവളം പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | ശബരിമലയ്ക്ക് മാത്രമായി പ്രത്യേക ദേവസ്വം ബോർഡ് രൂപീകരിക്കണമെന്ന സുപ്രീം കോടതി നിർദ്ദേശം സൃഷ്ടിക്കാനിടയുള്ള പ്രത്യാഘാതത്തെക്കുറിച്ച് അറിയിക്കാമോ? | (ഡി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിൽ 1250 ക്ഷേത്രങ്ങളുണ്ട്. അവയിൽ വളരെ കുറച്ച് ക്ഷേത്രങ്ങൾ മാത്രമാണ് സ്വയംപര്യാപ്തമായിട്ടുള്ളത്. മറ്റുള്ള ക്ഷേത്രങ്ങളുടെ നിത്യനിതാനചെലവും, ജീവനക്കാരുടെ ശമ്പളം, പെൻഷൻ എന്നിവയെല്ലാം ശബരിമലയിലെ വരുമാനത്തെ ആശ്രയിച്ചാണ് നില നിൽക്കുന്നത്. ശബരിമലയ്ക്ക് മാത്രമായി ഒരു പ്രത്യേക ബോർഡ് രൂപീകരിക്കുന്നത് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിലനിൽപ്പിനെ തന്നെ ബാധിക്കുന്ന അവസ്ഥയാണുള്ളത്. |

സെക്ഷൻ ഓഫീസർ